| 16-02-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - ഇപ്പോൾ അശരീരിയായി മാറി വീട്ടിലേയ്ക്ക് പോകണം അതിനാൽ ആരോട് സംസാരിക്കുകയാണെങ്കിലും സഹോദര-സഹോദര ആത്മാക്കളാണെന്ന് മനസ്സിലാക്കി സംസാരിക്കൂ, ദേഹീ അഭിമാനിയായിരിക്കാൻ പരിശ്രമിക്കൂ.**

**ചോദ്യം -** ഭാവിയിലെ രാജ്യതിലകം പ്രാപ്തമാക്കുന്നതിന്റെ ആധാരമെന്താണ് ?

**ഉത്തരം -** പഠിപ്പ്. ഓരോരുത്തർക്കും പഠിച്ച് രാജ്യതിലകം നേടണം. പഠിപ്പിക്കുന്നതിന്റെ കർത്തവ്യം ബാബയുടേതാണ്, ഇതിൽ ആശീർവ്വാദത്തിന്റെ കാര്യമില്ല. പൂർണ്ണ നിശ്ചയമുണ്ടെങ്കിൽ ശ്രീമത്തിലൂടെ നടന്നുകൊണ്ടിരിക്കൂ. ഉപേക്ഷ കാണിക്കരുത്. അഥവാ അഭിപ്രായവ്യത്യാസത്തിലേക്ക് വന്ന് പഠിപ്പ് ഉപേക്ഷിച്ചാൽ തോറ്റുപോകും, അതുകൊണ്ട് ബാബ പറയുന്നു - മധുരമായ കുട്ടികളെ, അവനവന്റെ മേൽ ദയ കാണിക്കൂ. ആശീർവ്വാദം യാചിക്കരുത്, പഠിപ്പിൽ ശ്രദ്ധ നൽകണം.

**ഓം ശാന്തി -** സുപ്രീം ടീച്ചർ കുട്ടികളെ പഠിപ്പിക്കുന്നു. കുട്ടികൾക്കറിയാം പരമപിതാ പരമാത്മാവ് അച്ഛനുമാണ് ടീച്ചറുമാണ്. മറ്റാർക്കും പഠിപ്പിക്കാൻ സാധിക്കാത്ത രീതിയിലാണ് നിങ്ങളെ പഠിപ്പിക്കുന്നത്. നിങ്ങൾ പറയുന്നു ശിവബാബയാണ് പഠിപ്പിക്കുന്നത്. ഈ ബാബ ഒരാളുടേതല്ല. മൻമനാഭവ മദ്ധ്യാജീ ഭവ, ഇതിന്റെ അർത്ഥം മനസ്സിലാക്കിത്തരികയാണ് എന്നെ മാത്രം ഓർമ്മിക്കൂ. കുട്ടികളാണെങ്കിൽ ഇപ്പോൾ വിവേകശാലികളായി മാറി. പരിധിയില്ലാത്ത ബാബ പറയുന്നു സമ്പത്ത് നിങ്ങളുടേതു തന്നെയാണ് - ഇതൊരിക്കലും മറക്കരുത്. ബാബ ആത്മാക്കളോടുതന്നെയാണ് സംസാരിക്കുന്നത്. ഇപ്പോൾ നിങ്ങൾ ജീവാത്മാക്കളാണല്ലോ. പരിധിയില്ലാത്ത ബാബയും നിരാകാരനാണ്. നിങ്ങൾക്കറിയാം ഈ ശരീരത്തിലൂടെ ബാബ നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മറ്റാരും ഇങ്ങനെ മനസ്സിലാക്കില്ല. സ്ക്കൂളിൽ ടീച്ചർ പഠിപ്പിക്കുന്നുണ്ട് അപ്പോൾ പറയും ലൗകിക ടീച്ചർ ലൗകിക കുട്ടികളെ പഠിപ്പിക്കുന്നു. ഇത് പാരലൗകിക സുപ്രീം ടീച്ചറാണ്, ബാബ പാരലൗകിക കുട്ടികളെ പഠിപ്പിക്കുന്നു. നിങ്ങളും പരലോകം അഥവാ മൂലവതനത്തിൽ വസിക്കുന്നവരാണ്. ബാബയും പരലോകത്തിൽ വസിക്കുന്നു. ബാബ പറയുന്നു ഞാനും ശാന്തിധാമത്തിലെ നിവാസിയാണ് നിങ്ങളും ശാന്തിധാം നിവാസികളാണ്. നമ്മൾ ഇരുകൂട്ടരും ഒരു ധാമത്തിൽ വസിക്കുന്നവരാണ്. നിങ്ങൾ സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. ഞാൻ പരമാത്മാവാണ്. ഇപ്പോൾ നിങ്ങളിവിടെ പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുന്നു. പാർട്ട് അഭിനയിച്ച് അഭിനയിച്ച് ഇപ്പോൾ നിങ്ങൾ പതിതരായി മാറിക്കഴിഞ്ഞിരിക്കുന്നു. ഈ വിശ്വം മുഴുവനും പരിധിയില്ലാത്ത സ്റ്റേജാണ് ഇതിൽ കളി നടക്കുന്നു. ഈ മുഴുവൻ സൃഷ്ടിയും കർമ്മക്ഷേത്രമാണ്, ഇതിൽ കളി നടന്നുകൊണ്ടിരിക്കുന്നു. ഇതും കേവലം നിങ്ങൾ മാത്രമാണ് അറിയുന്നത് ഇത് പരിധിയില്ലാത്ത കളിയാണ്, ഇതിൽ പരിധിയില്ലാത്ത രാവും പകലുമുണ്ട്. സൂര്യനും ചന്ദ്രനും എത്ര പരിധിയില്ലാത്ത പ്രകാശമാണ് നൽകുന്നത്, ഇത് പരിധിയില്ലാത്ത കാര്യമാണ്. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനമുണ്ട്. രചയിതാവുതന്നെ വന്ന് രചയിതാവിന്റേയും രചനയുടേയും ആദി-മദ്ധ്യ-അന്ത്യത്തിന്റെ പരിചയം നൽകുന്നു. ബാബ പറയുന്നു നിങ്ങൾക്ക് രചനയുടെ ആദി -മദ്ധ്യ-അന്ത്യത്തിന്റെ രഹസ്യം കേൾപ്പിക്കുന്നതിന് വന്നിരിക്കുന്നു. ഇത് പാഠശാലയാണ്, പഠിപ്പിക്കുന്ന ബാബ അഭോക്താവാണ്. ഞാൻ അഭോക്താവാണെന്ന് ആരും തന്നെ പറയില്ല. അഹമ്മദാബാദിൽ ഒരു സന്യാസി ഇങ്ങനെ പറഞ്ഞിരുന്നു, പക്ഷേ പിന്നീട് കള്ളത്തരം പിടിക്കപ്പെട്ടു. ഈ സമയം കള്ളത്തരവും വളരെയുണ്ട്. പല വേഷധാരികളും ഉണ്ട്. ബാബയ്ക്ക് അങ്ങനെ വേഷമൊന്നുമില്ല. മനുഷ്യർ മനസ്സിലാക്കുന്നു കൃഷ്ണനാണ് ഗീത കേൾപ്പിച്ചത്. എങ്കിൽ ഇന്ന് എത്ര കൃഷ്ണന്മാരാണ്. അത്ര കൃഷ്ണന്മാരൊന്നും ഉണ്ടാകില്ല. ഇവിടെ നിങ്ങളെ ശിവബാബയാണ് വന്ന് പഠിപ്പിക്കുന്നത്. ആത്മാക്കളെയാണ് കേൾപ്പിക്കുന്നത്.

നിങ്ങളോട് വീണ്ടും വീണ്ടും പറയുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി സഹോദരാത്മാവിനെ കേൾപ്പിക്കൂ. ബുദ്ധിയിലുണ്ടായിരിക്കണം - ബാബയുടെ നോളേജ് നമ്മൾ സഹോദരന്മാരെ കേൾപ്പിക്കുന്നു. പുരുഷന്മാരായാലും സ്ത്രീകളായാലും പരസ്പരം സഹോദരങ്ങളാണ്. അതുകൊണ്ടാണ് ബാബ പറയുന്നത് നിങ്ങളെല്ലാവരും എന്റെ സമ്പത്തിന്റെ അവകാശികളാണ്. ലൗകികത്തിൽ സ്ത്രീകൾക്ക് സമ്പത്ത് ലഭിക്കുന്നില്ല കാരണം അവർക്ക് ഭർതൃഗൃഹത്തിലേയ്ക്ക് പോകണം. ഇവിടെയാണെങ്കിൽ എല്ലാവരും ആത്മാക്കളാണ്. അശരീരിയായി വീട്ടിലേയ്ക്ക് പോകണം. ഇപ്പോൾ നിങ്ങൾക്ക് ലഭിക്കുന്ന ജ്ഞാനരത്നങ്ങൾ അവിനാശീ രത്നമായി മാറുന്നു. ആത്മാവുതന്നെയാണ് ജ്ഞാനത്തിന്റെ സാഗരനായി മാറുന്നത്. ആത്മാവുതന്നെയാണ് എല്ലാം ചെയ്യുന്നത്. പക്ഷേ മനുഷ്യർക്ക് ദേഹാഭിമാനമുള്ളതു കാരണം, ദേഹീ-അഭിമാനിയായി മാറുന്നില്ല. ഇപ്പോൾ നിങ്ങൾക്ക് ദേഹീ അഭിമാനിയായി മാറി ഒരു ബാബയെ

ഓർമ്മിക്കണം. കുറച്ച് പരിശ്രമം ചെയ്യണമല്ലോ. ലൗകിക ഗുരുക്കന്മാരെ എത്ര ഓർമ്മിക്കുന്നു. മൂർത്തികൾ വെക്കുന്നു. ഇപ്പോൾ ശിവബാബയുടെ ചിത്രവും മനുഷ്യന്റെ ചിത്രവും തമ്മിൽ രാത്രി- പകലിന്റെ വ്യത്യാസമുണ്ട്. അവർ ഗുരുക്കന്മാരുടെ ഫോട്ടോ ധരിക്കുന്നു. സ്ത്രീകൾ മറ്റുള്ളവരുടെ ഫോട്ടോ അണിയുന്നത് ഭർത്താക്കന്മാർക്ക് ഇഷ്ടമാകുന്നില്ല. ശരി, ശിവബാബയുടെ ചിത്രമാണ് അണിയുന്നത് എങ്കിൽ എല്ലാവർക്കും നല്ലതായി തോന്നും കാരണം പരമപിതാവാണല്ലോ. ബാബയുടെ ചിത്രമാണ് വേണ്ടത്. കഴുത്തിലെ മാലയുണ്ടാക്കുന്നവനാണ് ബാബ. നിങ്ങൾ രുദ്രമാലയിലെ മുത്തായി മാറും. മുഴുവൻ ലോകത്തിലുള്ളവരും രുദ്രമാലയിലുള്ളവരാണ്, പ്രജാപിതാ ബ്രഹ്മാവിന്റെ മാലയിലുള്ളവരുമാണ്, മുകളിൽ വംശാവലിയുമുണ്ട്. അതാണ് പരിധിയുള്ള വംശാവലി. ഇത് പരിധിയില്ലാത്തതാണ്. ഏതെല്ലാം മനുഷ്യരുണ്ടോ എല്ലാവരും മാലയിലെ മുത്തുകളാണ്. ആത്മാവ് ചെറുതിലും ചെറിയ ബിന്ദുവാണ്. തികച്ചും ചെറിയ ബിന്ദു. ഇങ്ങനെ ബിന്ദുവിട്ട് പോവുകയാണെങ്കിൽ അസംഖ്യം ആയിത്തീരും. എണ്ണിയെണ്ണി ക്ഷീണിക്കും. പക്ഷേ നോക്കൂ, ആത്മാക്കളുടെ വൃക്ഷം എത്ര ചെറിയതാണ്. ബ്രഹ്മതത്വത്തിൽ വളരെ ചെറിയ സ്ഥലത്തിരിക്കുന്നു. ആത്മാക്കൾ പിന്നീട് ഇവിടെ പാർട്ട് അഭിനയിക്കാൻ വരുന്നു. ഇവിടെ എത്ര വലിയ ലോകമാണ്. എവിടേയ്ക്കെല്ലാം വിമാനത്തിൽ പോകുന്നു. പരമധാമത്തിൽ വിമാനത്തിന്റെ ആവശ്യമില്ല. ആത്മാക്കളുടെ ചെറിയ വൃക്ഷമാണ്.

ഇവരെല്ലാം പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളാണ്, ബാബയെ ചിലർ ആദം എന്നും ചിലർ ആദിദേവ് എന്നും വിളിക്കുന്നു. പുരുഷനും സ്ത്രീയും തീർച്ചയായും ഉണ്ട്. നിങ്ങളുടേത് പ്രവൃത്തിമാർഗ്ഗമാണ്. നിവൃത്തിമാർഗ്ഗത്തിലെ കളിയുണ്ടാകുന്നില്ല. ഒരു കൈകൊണ്ട് എന്തു സംഭവിക്കും. ഇരുചക്രം വേണം. രണ്ടുപേരുണ്ടെങ്കിൽ തമ്മിൽ മത്സരം നടത്തും. രണ്ടാമത്തെ ചക്രം സഹയോഗം നൽകുന്നില്ലെങ്കിൽ വണ്ടി പതിയെ നിന്നുപോകും. എന്നാൽ ഒന്നിന്റെ കാരണത്താൽ നിന്നുപോകരുത്. ആദ്യമാദ്യം പവിത്ര പ്രവൃത്തിമാർഗ്ഗമായിരുന്നു. പിന്നീട് അപവിത്രമായി മാറി. വീണുപോകുന്നു. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ജ്ഞാനവുമുണ്ട്. ഈ വൃക്ഷം എങ്ങിനെ വലുതാകുന്നു, എങ്ങിനെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള വൃക്ഷം വേറെയുണ്ടാകുന്നില്ല. ചിലരുടെ ബുദ്ധിയിൽ രചയിതാവിന്റേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും നോളേജ് പോലുമില്ല. അതുകൊണ്ട് ബാബ പറഞ്ഞിരുന്നു - ഇതെഴുതൂ അതായത് നമ്മൾ രചയിതാവിലൂടെ രചയിതാവിന്റേയും രചനയുടേയും നോളേജ് നേടി. മറ്റുള്ള വർക്കാണെങ്കിൽ രചയിതാവിനേയും രചനയേയും അറിയുന്നില്ല. അഥവാ പരമ്പരയായി ഈ ജ്ഞാനമുണ്ടെങ്കിൽ ആരെങ്കിലും പറയേണ്ടേ. നിങ്ങൾ ബ്രഹ്മാകുമാർ കുമാരിമാർക്കല്ലാതെ ആർക്കും പറയാൻ സാധിക്കില്ല. നിങ്ങൾക്കറിയാം നമ്മൾ ബ്രാഹ്മണരെത്തന്നെയാണ് പരമപിതാ പരമാത്മാവ് പഠിപ്പിക്കുന്നത്. നമ്മുടെ ബ്രാഹ്മണ ധർമ്മം തന്നെയാണ് ഉയർന്നതിലും ഉയർന്നത്. ചിത്രവും തീർച്ചയായും കാണിക്കണം. ചിത്രമില്ലാതെ ബുദ്ധിയിലൊന്നും ഇരിക്കില്ല. ചിത്രങ്ങൾ വളരെ വലുതാകണം. വിവിധ ധർമ്മങ്ങളുടെ വൃക്ഷവും എങ്ങനെ വലുതാകുന്നു എന്നും മനസ്സിലാക്കിത്തന്നിട്ടുണ്ട്. മുമ്പ് പറഞ്ഞിരുന്നു ആത്മാവ് തന്നെ പരമാത്മാവ്, പരമാത്മാവ് തന്നെ ആത്മാവ്, എന്നാൽ ഇപ്പോൾ ബാബ ഇതിന്റേയും അർത്ഥം പറഞ്ഞുതന്നിരിക്കുന്നു. ഈ സമയം നമ്മൾ ബ്രാഹ്മണരാണ് പിന്നീട് നമ്മൾ പുതിയ ലോക ത്തിൽ ദേവതയായി മാറും, ഇപ്പോൾ നമ്മൾ പുരുഷോത്തമസംഗമയുഗത്തിലാണ്. അർത്ഥം ഇത് പുരുഷോത്തമനായി മാറുന്നതിനുള്ള സംഗമയുഗമാണ്. ഇതെല്ലാം നിങ്ങൾക്കാണ് മനസ്സിലാക്കി ക്കൊടുക്കാൻ സാധിക്കുന്നത് - രചയിതാവിന്റേയും രചനയുടേയും അർത്ഥം, ഹംസോ സോഹം എന്ന തിന്റെ അർത്ഥം. ഓം അർത്ഥം ഞാൻ ആത്മാവ് ആദ്യം, പിന്നീടാണ് ഈ ശരീരം. ആത്മാവ് അവിനാശിയും ഈ ശരീരം വിനാശിയുമാണ്. നമ്മൾ ഈ ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിക്കുന്നു ഇതിനെ പറയുന്നു ആത്മാഭിമാനി. നമ്മൾ ആത്മാക്കൾ പാർട്ട് അഭിനയിക്കുന്നു, നമ്മൾ ആത്മാക്കൾ കർമ്മം ചെയ്യുന്നു, നമ്മൾ ആത്മാക്കൾ പരമാത്മാവിന്റെ കുട്ടികളാണ്. എത്ര അത്ഭുതകരമായ ജ്ഞാനമാണ്. ഈ ജ്ഞാനം ബാബയിൽത്തന്നെയാണ് ഉള്ളത്. അതിനാലാണ് ബാബയെത്തന്നെ വിളിക്കുന്നത്.

ബാബ ജ്ഞാനത്തിന്റെ സാഗരനാണ്. അതിനു വിപരീതം പിന്നീട് അജ്ഞാനത്തിന്റെ സാഗരവുമുണ്ട് ജ്ഞാനം അരകൽപം, അരകൽപം അജ്ഞാനം. ജ്ഞാനം ആർക്കും അറിയുന്നില്ല. ജ്ഞാനത്തെ പറയുന്നു രചയിതാവിലൂടെ രചനയെ അറിയുക. അപ്പോൾ തീർച്ചയായും രചയിതാവിൽത്തന്നെയല്ലേ ജ്ഞാനമുള്ളത്. അതുകൊണ്ട് ബാബയെ രചയിതാവെന്നും പറയുന്നു. മനുഷ്യർ മനസ്സിലാക്കുന്നു രചയിതാവ് ഈ രചന രചിച്ചിരിക്കുന്നു. ബാബ മനസ്സിലാക്കിത്തരുന്നു ഇത് അനാദിയായി ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. പറയുന്നു പതിതപാവനാ വരൂ അപ്പോൾ രചയിതാവെന്ന് എങ്ങനെ പറയും? രചയിതാവെന്ന് പറയുന്നത് പ്രളയമുണ്ടായതിനു ശേഷം പിന്നീട് രചിക്കുമ്പോഴാണ്. ബാബയാണെങ്കിൽ പതിത ലോകത്തെ പാവനമാക്കി മാറ്റുകയാണ്. അപ്പോൾ ഈ മുഴുവൻ സൃഷ്ടി വൃക്ഷത്തിന്റെ ആദി-മദ്ധ്യ അന്ത്യം മധുര മധുരമായ കുട്ടികൾ തന്നെയാണ് അറിയുന്നത്. എങ്ങനെയാണോ തോട്ടക്കാരന് ഓരോ ബീജത്തെക്കു റിച്ചും വൃക്ഷത്തേയും അറിയുന്നത്. ബീജത്തെ കാണുന്നതിലൂടെ മുഴുവൻ വൃക്ഷവും ബുദ്ധിയിൽ വരുന്നു.

അപ്പോൾ ബാബ മനുഷ്യസൃഷ്ടിയുടെ ബീജമാണ്. എന്നാൽ അവരെ ആരും തന്നെ അറിയുന്നില്ല. പാടാറുണ്ട് പരമപിതാ പരമാത്മാവ് മനുഷ്യസൃഷ്ടിയുടെ ബീജരൂപമാണ്. സത് ചിത്ത് ആനന്ദസ്വരൂപമാണ്, സുഖം, ശാന്തി, പവിത്രതയുടെ സാഗരനാണ്. നിങ്ങൾക്കറിയാം ഈ മുഴുവൻ ജ്ഞാനവും പരമപിതാപരമാത്മാവ് ഈ ശരീരത്തിലൂടെ നൽകിക്കൊണ്ടിരിക്കുകയാണ്. എങ്കിൽ തീർച്ചയായും ഇവിടേക്ക് വരുമല്ലോ. പ്രേരണയിലൂടെ എങ്ങനെ പതിതരെ പാവനമാക്കി മാറ്റും. ബാബ ഇവിടെ വന്ന് എല്ലാവരേയും പാവനമാക്കി കൂട്ടിക്കൊണ്ടുപോകുന്നു. ബാബയാണ് നിങ്ങളെ പാഠം പഠിപ്പിക്കുന്നത്. ഇത് പുരുഷോത്തമസംഗമ യുഗമാണ്. നിങ്ങൾക്ക് പ്രഭാഷണം ചെയ്യാൻ സാധിക്കണം. അതായത് എങ്ങിനെയാണ് ആത്മാവ് തമോപ്രധാനത്തിൽനിന്ന് ശ്രേഷ്ഠ സതോപ്രധാനമായി മാറുന്നത്. നിങ്ങളുടെ അടുത്ത് വിഷയങ്ങൾ വളരെയുണ്ട്. ഈ പതിത തമോപ്രധാനലോകം സതോപ്രധാനമായി എങ്ങനെ മാറുന്നു ഇതും മനസ്സിലാക്കുന്നതിനുള്ളതാണ്. മുന്നോട്ട് പോകുന്തോറും നിങ്ങളുടെ ഈ ജ്ഞാനം അനേകം പേർ കേൾക്കും. അഥവാ വിട്ടുപോയാലും പിന്നീട് വരും. കാരണം ഗതിയുടേയും സദ്ഗതിയുടേയും കട ഇതൊന്നുമാത്രമാണ്. നിങ്ങൾക്ക് പറയാൻ സാധിക്കണം സർവ്വരുടേയും സദ്ഗതിദാതാവ് ഒരേയൊരു ബാബയാണ്. ബാബയെ ശ്രീ ശ്രീ എന്ന് പറയും. ശ്രേഷ്ഠത്തിലും ശ്രേഷ്ഠം പരമപിതാ പരമാത്മാവാണ്. ബാബ നമ്മെ ശ്രേഷ്ഠമാക്കി മാറ്റുന്നു. ശ്രേഷ്ഠം സത്യയുഗമാണ്. കലിയുഗം ഭ്രഷ്ടമാണ്. പറയാറുണ്ട് ഭ്രഷ്ടാചാരികളെന്ന്. പക്ഷേ സ്വയത്തെ മനസ്സിലാക്കുന്നില്ല. ഈ പതിതലോകത്തിൽ ഒരാളും ശ്രേഷ്ഠരല്ല. ശ്രീ ശ്രീ ശിവബാബ എപ്പോഴാണോ വരുന്നത് അപ്പോൾ നമ്മെ ശ്രേഷ്ഠമാക്കി മാറ്റുന്നു. ശ്രീ എന്ന ടൈറ്റിൽ സത്യയുഗത്തിന്റെ ആരംഭത്തിൽ ദേവതകൾക്കുണ്ടായിരുന്നു. ഇവിടെയാണെങ്കിൽ എല്ലാവരേയും ശ്രീയെന്ന് പറയും. വാസ്തവത്തിൽ ശ്രീ എന്ന പദം തന്നെ പവിത്രതയെക്കുറിക്കുന്നതാണ്. മറ്റുള്ള ധർമ്മത്തിലുള്ള ആരെയും ശ്രീയെന്ന് പറയില്ല. ശ്രീ പോപ്പ് എന്ന് പറയാറുണ്ടോ? ഇവിടെയാണെങ്കിൽ എല്ലാവരേയും പറഞ്ഞുകൊണ്ടിരിക്കും. മുത്തുകൾ പെറുക്കുന്ന ഹംസവും, അഴുക്കു കഴിക്കുന്ന കൊക്കും തമ്മിൽ വ്യത്യാസമുണ്ടല്ലോ. ഈ ദേവതകൾ പൂക്കളാണ്. സ്വർഗ്ഗം അല്ലാഹുവിന്റെ പൂന്തോട്ടമാണ്. ബാബ നിങ്ങളെ പൂക്കളാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ബാക്കി പൂക്കളിൽ വൈവിദ്ധ്യമുണ്ട്. ഏറ്റവും നല്ല പൂവാണ് പൂക്കളുടെ രാജവ്. ഈ ലക്ഷ്മീനാരായണനെ പുതിയ ലോകത്തിലെ രാജാ റാണി പുഷ്പമെന്ന് പറയും.

നിങ്ങൾ കുട്ടികൾക്ക് ഉള്ളിൽ സന്തോഷമുണ്ടായിരിക്കണം. ഇവിടെ പുറമേ ഒന്നും തന്നെ ചെയ്യേണ്ടതില്ല. ഈ വിളക്കുകൾ കൊളുത്തുന്നതിന്റെ അർത്ഥം അറിയണം. ശിവജയന്തിയിൽ കൊളുത്തണോ അതോ ദീപാവലിയിലോ? ദീപാവലിയിൽ ലക്ഷ്മിയെ ആഹ്വാനം ചെയ്യുന്നു. ലക്ഷ്മിയിൽനിന്നും പൈസ യാചിക്കുന്നു. എന്നാൽ ഭണ്ഡാരം നിറയ്ക്കുന്നത് ശിവഭോലാഭണ്ഡാരിയാണ്. നിങ്ങൾക്കറിയാം ശിവബാബയിലൂടെ നമ്മുടെ അളവറ്റ ഖജനാവ് നിറയുന്നു. ഈ ജ്ഞാനരത്നം ധനമാണ്. സത്യയുഗ ത്തിലും നിങ്ങളുടെ അടുത്ത് അളവറ്റ ധനമുണ്ടാകും. പുതിയ ലോകത്തിൽ നിങ്ങൾ സമ്പന്നരായിത്തീരുന്നു. സത്യയുഗത്തിൽ വളരെയധികം വജ്രവൈഢൂര്യങ്ങളുണ്ടായിരുന്നു. പിന്നീട് വീണ്ടും ഉണ്ടാകും. മനുഷ്യർ ആശയക്കുഴപ്പത്തിൽ വരുന്നു. ഇതെല്ലാം അവസാനിച്ചാൽ പിന്നീട് എവിടുന്നു വരും? ഖനികളെല്ലാം തൂർന്നു പോയി, പർവ്വതങ്ങൾ തകർന്നു, പിന്നീട് എവിടെനിന്നുണ്ടാകും. പറയൂ ചരിത്രം ആവർത്തിക്കപ്പെടില്ലേ. എന്തെല്ലാം ഉണ്ടായിരുന്നുവോ അതെല്ലാം പിന്നീട് ആവർത്തിക്കും. നിങ്ങൾ കുട്ടികൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ് സ്വർഗ്ഗത്തിന്റെ അധികാരിയായി മാറുന്നതിന്. സ്വർഗ്ഗത്തിന്റെ ഹിസ്റ്ററി, ജ്യോഗ്രഫി പിന്നീട് ആവർത്തിക്കും. ഗീതത്തിലുണ്ടല്ലോ – അങ്ങ് മുഴുവൻ സൃഷ്ടിയും മുഴുവൻ സമുദ്രവും മുഴുവൻ ഭൂമിയും ഞങ്ങൾക്കു നൽകി. അതാർക്കും നമ്മിൽ നിന്ന് തട്ടിയെടുക്കാൻ സാധിക്കില്ല. അതിനു പകരമായി ഇപ്പോഴെന്താണ് നടക്കുന്നത്! ഭൂമിക്കുവേണ്ടി, വെള്ളത്തിനുവേണ്ടി, ഭാഷയ്ക്കുവേണ്ടി വഴക്കടിക്കുന്നു.

സ്വർഗ്ഗത്തിന്റെ രചയിതാവായ ബാബയുടെ ജന്മം ആഘോഷിക്കുന്നു. തീർച്ചയായും ബാബ സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി നൽകിയിട്ടുണ്ട്. ഇപ്പോൾ നിങ്ങളെ ബാബ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾക്ക് ഈ ശരീരത്തിന്റെ നാമരൂപത്തിൽനിന്ന് വേറിട്ട് സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കണം. പവിത്രമായി മാറണം – ഒന്നുകിൽ യോഗബലത്തിലൂടെ അല്ലെങ്കിൽ ശിക്ഷകളനുഭവിച്ച്. പിന്നീട് പദവിയും കുറവാകും. വിദ്യാർത്ഥികളുടെ ബുദ്ധിയിലുണ്ടായിരിക്കുമല്ലോ നമ്മൾ ഇന്ന പദവി നേടും എന്ന്. ടീച്ചർ ഇത്രത്തോളം പഠിപ്പിച്ചിട്ടുണ്ട്. പിന്നീട് ടീച്ചർക്കും സമ്മാനം കൊടുക്കാറുണ്ട്. ഇവിടെയാണെങ്കിൽ ബാബ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. അതിനാൽ നിങ്ങൾ ഭക്തിമാർഗ്ഗത്തിൽ ബാബയെ ഓർമ്മിക്കുന്നു. ബാബയ്ക്ക് നിങ്ങൾ എന്ത് സമ്മാനം നൽകാനാണ്? ഇവിടെ നിങ്ങൾ എന്തെല്ലാം കാണുന്നോ അതൊന്നും നിലനിൽക്കില്ല. ഇത് പഴയ മോശമായ ലോകമാണ് അതിനാലാണ് എന്നെ വിളിക്കുന്നത്. ബാബ നിങ്ങളെ പതിതത്തിൽനിന്ന് പാവനമാക്കി മാറ്റുന്നു. ഈ കളിയെ ഓർമ്മിക്കണം. എന്നിൽ രചനയുടെ

ആദി-മദ്ധ്യ-അന്ത്യത്തിന്റെ നോളേജുണ്ട്. അത് നിങ്ങളെ കേൾപ്പിക്കുന്നു. നിങ്ങൾ ഇപ്പോൾ കേൾക്കുന്നു പിന്നീട് മറക്കും. 5000 വർഷങ്ങൾക്കുശേഷം വീണ്ടും ചക്രം പൂർത്തിയാകുന്നു. നിങ്ങളുടെ പാർട്ട് എത്ര മധുരമാണ്. നിങ്ങൾ സതോപ്രധാനവും സ്നേഹിയുമായി മാറുന്നു. പിന്നീട് നിങ്ങൾ തമോപ്രധാനമായും മാറുന്നു. ബാബാ വരൂ എന്ന് നിങ്ങൾ തന്നെയാണ് വിളിക്കുന്നത്. ഇപ്പോൾ ഞാൻ വന്നിരിക്കുന്നു. നിശ്ചയമുണ്ടെങ്കിൽ ശ്രീമത്തിലൂടെ നടക്കണം. തെറ്റുകൾ ചെയ്യരുത്. പല കുട്ടികളും അഭിപ്രായ വ്യത്യാസത്തിലേക്ക് വന്ന് പഠിപ്പ് ഉപേക്ഷിക്കുന്നു. ശ്രീമത്തിലൂടെ നടന്നില്ലായെങ്കിൽ നിങ്ങൾ തന്നെ തോറ്റുപോകും. ബാബ പറയുന്നു അവനവനോടു ദയ കാണിക്കൂ. ഓരോരുത്തർക്കും പഠിച്ച് സ്വയം രാജ്യതിലകം നേടണം. ബാബയ്ക്കാണെങ്കിൽ പഠിപ്പിക്കുന്നതിന്റെ കർത്തവ്യമാണ് ഇതിൽ ആശീർവ്വാദത്തിന്റെ കാര്യമില്ല. അങ്ങനെയാണെങ്കിൽ എല്ലാവരിലും ആശീർവ്വാദം ചൊരിയേണ്ടതായി വരും. കൃപയും മറ്റും ഭക്തിമാർഗ്ഗത്തിലാണ് യാചിക്കുന്നത്. ഇവിടെ ആ കാര്യമില്ല. ശരി !

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം -

1. പ്രവൃത്തിമാർഗ്ഗത്തിലിരുന്നുകൊണ്ടും പരസ്പരം പുരുഷാർത്ഥത്തിൽ മത്സരിക്കണം. എന്നാൽ ഏതെങ്കിലും കാര്യത്തിൽ ഒരു ചക്രം പതുക്കെയാകുകയാണെങ്കിൽ അത് കാരണം മറ്റേതും നിന്നുപോകരുത്. രാജ്യതിലകം പ്രാപ്തമാക്കുന്നതിന് സ്വയം തന്നെ യോഗ്യനാക്കി മാറ്റണം.

2. ശിവജയന്തി വളരെ ഗംഭീരമായി ആഘോഷിക്കണം കാരണം ശിവബാബ ഏതൊരു ജ്ഞാനരത്നമാണോ നൽകുന്നത് അതിലൂടെ തന്നെയാണ് നിങ്ങൾ പുതിയ ലോകത്തിൽ സമൃദ്ധരായി മാറുന്നത്. നിങ്ങളുടെ എല്ലാ ഭണ്ഡാരവും സമ്പന്നമായിരിക്കും.

## വരദാനം:- ബാബയിൽ നിന്ന് ശക്തിയെടുത്ത് ഓരോ പരിതസ്ഥിതിക്കും പരിഹാരം കാണുന്ന സാക്ഷീദൃഷ്ടാവായി ഭവിക്കട്ടെ.

താങ്കൾ കുട്ടികൾ അറിയുന്നു അതായത് അങ്ങേയറ്റത്തിന് ശേഷം തന്നെയാണ് അന്ത്യമുണ്ടാകുക. അപ്പോൾ ഓരോ വിധത്തിലുമുള്ള കോളിളക്കങ്ങൾ അങ്ങേയറ്റം ഉണ്ടാകും, കുടുംബങ്ങളിലും പിറുപിറുപ്പുണ്ടാകും, മനസ്സിലും അനേകം ചഞ്ചലതകൾ വരും, ധനസ്ഥിതിയും കൂടിയും കുറഞ്ഞുമിരിക്കും. എന്നാൽ ആരാണോ ബാബയുടെ കൂട്ടുകാർ, സത്യമായവർ അവരുടെ ഉത്തരവാദിത്തം ബാബക്കാണ്. അങ്ങനെയുള്ള സമയത്ത് മനസ്സ് ബാബയോടൊപ്പമാണെങ്കിൽ നിർണ്ണയ ശക്തിയിലൂടെ എല്ലാം ദൂരീകരിക്കും. സാക്ഷീദൃഷ്ടാവാകൂ എങ്കിൽ ബാബയുടെ ശക്തിയിലൂടെ ഓരോ പരിതസ്ഥിതികളെയും സഹജമായി പരിഹരിക്കാൻ സാധിക്കും.

## സ്ലോഗൻ:- ഇപ്പോൾ എല്ലാ തീരങ്ങളെയും വിട്ട് വീട്ടിലേക്ക് പോകാനുള്ള തയ്യാറെടുപ്പ് നടത്തൂ.